1. വിലയിലെ അസ്ഥിരത: കഴിഞ്ഞ വർഷം ഒരു ചാക്ക് (60 കിലോഗ്രാം) പച്ച ഇഞ്ചിക്ക് 7000 രൂപ വരെ വില വന്നിരുന്നത് ഈ വർഷം 1500 രൂപ ആയി.

2. വർദ്ധിച്ച കൃഷി ചെലവ് : കൃഷി ചെലവ് ഏക്കറിന് ഒരു ലക്ഷം രൂപയിൽ അധികമാണ്. എന്നാൽ, ഡവലപ്മെന്റ് ഓഫ് സ്പൈസസ് പദ്ധതി പ്രകാരവും ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരവും ഇഞ്ചി കൃഷിക്ക് ഏക്കറിന് 5000 രൂപ മാത്രമാണ് ധനസഹായമായി നൽകുന്നത്. ഇതിനാൽ, വയനാട് ജില്ലയിലെ ഭൂരിഭാഗം കർഷകർ കർണ്ണാടക സംസ്ഥാനത്ത് പോയി ഭൂമി പാട്ടത്തിന് എടുത്ത് ഇഞ്ചി കൃഷി ചെയ്യുന്നുണ്ട്.

3. കീടരോഗബാധ : 'മഹാളി' എന്ന് കൃഷിക്കാർ വിളിക്കുന്ന 'സോഫ്റ്റ് റോട്ട്' എന്ന രോഗം വ്യാപകമായി കാണുന്നു.

(ബി) സംസ്ഥാനത്തെ കൃഷി വകുപ്പിന് കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ ഒന്ന് വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. അവരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മൊത്തവ്യാപാര വിപണികളിൽ നേരിട്ട് എത്തിച്ച് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങൾ ഗുണനിലവാരത്തിനനുസരിച്ച് ഗ്രേഡ് ചെയ്യുകയും അടിസ്ഥാന വില നിശ്ചയിച്ച് ലേലത്തിലൂടെ വിപണനം ചെയ്യുന്നതുമൂലവും ഇടനിലക്കാരെ ഒഴിവാക്കി വിപണനം നടത്തുന്നതുമൂലവും കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു.

(സി) വയനാട് ജില്ലയിൽ വാല്യൂ അഡീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.ഐ.ഐ.എസ്.റ്റി. (National Institute for Interdisciplinary Science and Technology)-യും എം.ആർ.സി.എം.പി.യു. (Malabar Regional Co-operative Milk Producers Union Ltd)-വും സംയുക്തമായി 255.27533 ലക്ഷം രൂപയുടെ ഇഞ്ചി സംസ്കരണത്തിനായുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

ഭക്ഷ്യവസ്തുക്കളിലെ അമിത കീടനാശിനി പ്രയോഗം

245 (1685) ശ്രീ. റ്റി. യു. കരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യധാന്യങ്ങളിലേയും പഴം, പച്ചക്കറി എന്നിവയിലേയുംഅമിത കീടനാശിനി പ്രയോഗംമൂലം സംസ്ഥാനത്ത് ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ ക്രമാതീതമായി പടരുന്ന സാഹചര്യത്തിൽ വിഷവിമുക്ത ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ജൈവ കൃഷിരീതി വ്യാപകമാക്കുന്നതിന് ബോധവത്ക്കരണവും മറ്റ് സഹായങ്ങളും കൃഷി ഭവനുകൾവഴി നടപ്പാക്കുന്നത് കാര്യക്ഷമമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷ്യധാന്യങ്ങളിലെയും പഴം, പച്ചക്കറി എന്നിവയിലേയും അമിത കീടനാശിനി പ്രയോഗംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് കൃഷി വകുപ്പ് കർഷകർക്ക് ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ജൈവകൃഷി, ജൈവകീടനാശിനികൾ, ജൈവിക നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികളും നടപ്പിലാക്കി വരുന്നു.

(ബി) ജൈവ കൃഷിയെക്കുറിച്ചുള്ള ബോധവത്ക്കരണത്തിനായി കൃഷി അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷകർ എന്നിവരെ ഉൾപ്പെടുത്തി ഒരു കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്.

കർഷക ഇൻഷ്വറൻസ് പദ്ധതി

246 (1686) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കർഷക ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയത് എന്ന് മുതലാണ് ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; പദ്ധതി നടപ്പിലാക്കിയതിലൂടെ ഇതിനകം സംസ്ഥാനത്തെ എത്ര കൃഷിക്കാർക്ക് ഇൻഷുറൻസ് ബെനിഫിറ്റ്സ് ലഭിക്കുകയുണ്ടായി ;

(സി) സർക്കാർ ഇൻഷുറൻസ് പ്രീമിയം അടയ്ക്കുന്നതിലേക്ക് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്രയായിരുന്നു; എത്ര തുക ഇതിനകം പ്രീമിയമായി അടയ്ക്കുകയുണ്ടായി ;

(ഡി) ഗുണഭോക്താക്കളുടെ വിഹിതമായി ഇതിനകം അടച്ച പ്രീമിയം തുക എത്ര ?

ഉത്തരം

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 1995 മുതലും കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി 1999 മുതലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വൻസ് പദ്ധതി 2008 മുതലും നാളികേര